(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര അംഗങ്ങളുണ്ട്;

(ബി) ഈ ബോർഡിന് ഇപ്പോഴുള്ള ഫണ്ട് എത്രയാണ്;

(സി) ഇതിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണ് നൽകുന്നത്;

(ഡി) ഇതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു തുക കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിൽ 31-3-2003 വരെ 1001803 പേർ അംഗങ്ങളായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ തൊഴിലാളിക്ഷേമ ബോർഡിന്റെ ഇപ്പോഴുള്ള ഫണ്ട് 143 കോടി രൂപയാണ്.

(സി) അംഗതൊഴിലാളികളിൽനിന്നുള്ള അംശദായവും 10 ലക്ഷത്തിനു മുകളിലുള്ള താമസത്തിനായുള്ള കെട്ടിടങ്ങളുടേയും മറ്റെല്ലാ വിഭാഗം നിർമ്മാണ പ്രവർത്തനങ്ങളുടേയും ഒരു ശതമാനം (1%) സെസ്സായി സ്വരൂപിക്കുന്നതുമാണ് നിർമ്മാണത്തൊഴിലാളിക്ഷേമ ബോർഡിന്റെ ഫണ്ട്.

(ഡി, ഇ) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ സെസ്സ് കണക്കാക്കുന്നതിലും പിരിക്കുന്നതിലും കാലതാമസം നേരിടാറുണ്ട്. ഉത്തരവിൻമേൽ അപ്പീലുകളും കോടതി വഴി സ്റ്റേ ഓർഡറുകളും ഉണ്ടാകാറുണ്ട്. അംശദായ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗ തൊഴിലാളികൾക്ക് കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് 2003 ആഗസ്റ്റ് 31 വരെ പൊതു മാപ്പു നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ കുടിശ്ശിക എത്രയാണെന്ന് കൃത്യമായി പറയാൻ കഴിയുകയില്ല.

അപകടംമൂലം മരിക്കുന്നവരുടെ ആശ്രിതർക്ക് നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾ

78 [3483] ശ്രീ. എ. പി. അനിൽകുമാർ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ പി. ടി. തോമസ്:
„ കെ. എ. ചന്ദ്രൻ:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിക്കിടയിലുണ്ടാകുന്ന അപകടം മൂലം മരിക്കുന്നവരുടെ ആശ്രിതർക്ക് നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ആനുകൂല്യം നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജോലിക്കിടയിൽ പാമ്പുകടിയേറ്റ് മരിക്കുന്നവർക്ക് ഈ ആനുകൂല്യം നൽകുവാൻ തീരുമാനമായിട്ടുണ്ടോ;

(സി) യൂണിയൻ ശത്രുതയുടെ ഫലമായി ജോലിസ്ഥലത്ത് വെച്ച് കൊലചെയ്യപ്പെടുന്നവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിന് വ്യവസ്ഥയുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജോലിക്കിടയിലുണ്ടാകുന്ന അപകടം മൂലം മരിക്കുന്ന നിർമ്മാണ തൊഴിലാളികളുടെ ആശ്രിതർക്ക് 1,00,000 (ഒരു ലക്ഷം) രൂപ മരണാനന്തര ധനസഹായമായി നൽകിവരുന്നു.

(ബി) ജോലിക്കിടയിൽ പാമ്പ് കടിയേറ്റ് മരിക്കുന്നതും ജോലിക്കിടയിലുണ്ടാകുന്ന അപകടമരണമായി കണക്കാക്കി ധനസഹായം നൽകുന്നുണ്ട്.

(സി) യൂണിയൻ ശത്രുതയുടെ ഫലമായി കൊലചെയ്യപ്പെടുന്നവരുടെ ആശ്രിതർക്ക് സാധാരണ മരണത്തിന് നൽകുന്ന ധനസഹായ ആനുകൂല്യത്തിന് അർഹതയുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ

79 [3484] ശ്രീ. കെ. ബാബു:
„ തമ്പാനൂർ രവി:
„ വി. ബാലറാം:
„ കെ. സി. വേണുഗോപാൽ:
„ കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ അംഗത്വം നഷ്ടപ്പെടുന്നത് ഏതെല്ലാം സാഹചര്യത്തിലാണ്;

(ബി) എത്ര കാലം കോൺട്രിബ്യൂഷൻ നൽകാതിരിക്കുമ്പോഴാണ് അവരുടെ അംഗത്വം നഷ്ടപ്പെടുന്നത്;

(സി) കോൺട്രിബ്യൂഷൻ അടയ്ക്കാനായി എന്തെല്ലാം മുൻകരുതലുകളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly